## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 153 — 11-02-2020 ൽ മറുപടിയ്ക്ക്

### വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി.എസ്.ശിവകുമാർ :<br>ശ്രീ. എം. വിൻസെന്റ് :<br>ശ്രീ. കെ.എസ്.ശബരീനാഥൻ :<br>ശ്രീ. ടി.ജെ.വിനോദ് : | | രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ആദ്യഘട്ട നിർമ്മാണ പ്രവൃത്തികൾ 2019 ഡിസംബർ നാലിനു മുൻപ് പൂർത്തിയാക്കണമെന്ന് അദാനി ഗ്രൂപ്പ് സംസ്ഥാന സർക്കാരുമായി ഉണ്ടാക്കിയ കരാറിൽ വ്യവസ്ഥ ചെയ്തിരുന്നോ; | (എ) | കരാറിൽ വ്യവസ്ഥ ചെയ്തിരുന്നു. |
| (ബി) പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണ പ്രവർത്തനം കരാർ പ്രകാരം പൂർത്തിയാക്കാത്ത സാഹചര്യത്തിൽ അദാനി കമ്പനിയോട് വിശദീകരണം ആരാഞ്ഞിരുന്നോ; എങ്കിൽ എന്ത് വിശദീകരണമാണ് നൽകിയത്; | (ബി) | അദാനി കമ്പനിക്ക് നോട്ടീസ് നൽകിയിരുന്നു. പാറ ലഭിക്കുന്നതിനുള്ള കാലതാമസം മൂലമാണ് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാതെവന്നതെന്നാണ് അദാനി കമ്പനി അറിയിച്ചത്. |
| (സി) കരാർ തീയതി അവസാനിച്ച് മൂന്ന് മാസം കഴിഞ്ഞാൽ അദാനി ഗ്രൂപ്പ് പ്രതിദിനം പന്ത്രണ്ട് ലക്ഷം രൂപ നഷ്ടപരിഹാരം നൽകണമെന്ന് കരാറിൽ വ്യവസ്ഥയുണ്ടോ; എങ്കിൽ ഇതു പ്രകാരമുള്ള നോട്ടീസ് അദാനി കമ്പനിക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ? | (സി) | ഉണ്ട്. . കരാർ പ്രകാരം പദ്ധതിയുടെ ആദ്യഘട്ട നിർമ്മാണം 2019 ഡിസംബർ 3 ന് പൂർത്തീകരിക്കേണ്ടതായിരുന്നു. 3 മാസം പിഴ ഇല്ലാതെയും തുടർന്ന് 6 മാസം പിഴയോട്ടുകൂടിയും ക്യുറിംഗ് പീരീഡിന് കൺസഷൻ കരാറിൽ വ്യവസ്ഥയുണ്ട്. നോട്ടീസ് നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ